## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

## സബ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനശൈലി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4387 21/03/2018-ൽ മറുപടിക്ക്**

ചോദ്യം
ശ്രീ.അബ്ദുൽ ഹമീദ് പി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനങ്ങളെ അസഭ്യം പറഞ്ഞും മർദ്ദിച്ചും ഭീതിയിലാഴ്ത്തി പ്രവർത്തിക്കുന്ന ചില സബ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനശൈലി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള പ്രവർത്തനശൈലി പോലീസിന്റെ നയമോ ഭാഗമോ അല്ല. എന്നുള്ള കർശന നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതാണ്. |
| (ബി) | ഇത്തരം പ്രവർത്തനശൈലി ആധുനിക ജനാധിപത്യ പോലീസിന് ഉതകുന്നതാണെന്ന് കരുതുന്നുണ്ടോ;വ്യക്തമാക്കുമോ; | (ബി) | കരുതുന്നില്ല. പോലീസിന്റെ ഭാഗത്തു നിന്നും ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകരുതെന്നും പൊതുജനങ്ങളോട് സംസാരത്തിലും പ്രവൃത്തിയിലും മാന്യത പുലർത്തണമെന്നും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ഇത്തരം ശൈലി സ്വീകരിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ രഹസ്യമായി നിരീക്ഷിക്കുന്നതിനും സർവ്വീസിൽ നിന്നും പുറത്താക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഇത്തരം കാര്യങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിനായി പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗത്തേയും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാരേയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉചിതമായ വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഡി) | ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തന സംസ്കാരം പോലീസിൽ രൂപപ്പെടുത്തി എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തന സംസ്കാരം പോലീസിൽ രൂപപ്പെടുത്തി എടുക്കുന്നതിന് എസ്.ഐ/സി.പി.ഒ. മുതലായ വിഭാഗങ്ങളിലേയ്ക്കുള്ള അടിസ്ഥാന പരിശീലന സിലബസ്സിൽതന്നെ കേരളാ പോലീസ് ആക്ട്, സോഫ്റ്റ് സ്കിൽ, സ്ട്രെസ് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ soft skill, stress management, behavioral techniques മുതലായവ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള വിവിധ ഇൻ-സർവ്വീസ് കോഴ്സുകളും എല്ലാ വിഭാഗത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്. ജനമൈത്രി പോലീസ് എന്ന പദ്ധതിയിലൂടെ പൊതുജനങ്ങളും പോലീസുമായുള്ള ബന്ധം മെച്ചപ്പെടുത്തി ഏകീകരിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**